# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3604 17.12.2015ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | **ശ്രീ.ഉമ്മൻ ചാണ്ടി**<br>ബഹു.മുഖ്യമന്ത്രി |

## കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ

| | | |
|---|---|---|
| (എ) | 2015-16ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; | 2015-16ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെട്ട ശിപാർശകൾ വിവിധ വകുപ്പുകൾ മുഖാന്തിരം നേരിട്ട് ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്ക് സമർപ്പിച്ചിരുന്നു. സമർപ്പിക്കപ്പെട്ട ശിപാർശകളിൽ പരിഗണിക്കപ്പെടാതെ പോയ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള വിവരം പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. 2015-16ലെ കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രി വിളിച്ചു ചേർത്ത സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിലും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയിട്ടുള്ള വായ്പകളിലെ അവശേഷിക്കുന്ന തുക എഴുതി തള്ളുക, റബ്ബർ മേഖലയെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമാക്കുക, റബ്ബറിന്റെ ഇറക്കുമതി തീരുവ 40% ആയി ഉയർത്തുക, റബ്ബർ കർഷകർക്ക് ഇളവുകളോടു കൂടിയ വായ്പാ പദ്ധതി നടപ്പിലാക്കുക, ശബരിമലയെ ദേശീയ തീർത്ഥാടക കേന്ദ്രമായി പ്രഖ്യാപിക്കുക, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനെ ദേശിയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുക, സംസ്ഥാനത്തെ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ കീഴിൽ ഭവന പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര സഹായം നൽകുക, പൊതുവിപണിയിലെ ഇടപെടൽ പ്രവർത്തന |
| (ബി) | പ്രസ്തുത ആവശ്യങ്ങളിൽ സംസ്ഥാനം വീണ്ടും ഉന്നയിക്കുകയും അതിന്മേൽ പുതിയ ഉറപ്പുകൾ ലഭിക്കുകയും ചെയ്തവ എന്തെല്ലാം ആയിരുന്നു; | |
| (സി) | ഇപ്രകാരം വീണ്ടും ഉറപ്പുകൾ ലഭിച്ച ആവശ്യങ്ങളിൽ എത്രയെണ്ണത്തിൽ ഉറപ്പുകൾ പാലിക്കപ്പെടുകയുണ്ടായി എന്നു വ്യക്തമാക്കുമോ; അവ ഏതെല്ലാം; വിശദമാക്കുമോ; | |
| (ഡി) | മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | ങ്ങൾക്ക് കൂടുതൽ കേന്ദ്ര സഹായം അനുവദിക്കുക, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (JNTBGRI) കേന്ദ്ര ബയോടെക്നോളജി വകുപ്പിന് കീഴിൽ ഏറ്റെടുക്കുക, ഇ-ഗവേണൻസ് പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിക്കുക, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾക്ക് ആവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കുക, പരമ്പരാഗത കാർഷികോത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഫണ്ട് രൂപീകരിക്കുക, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സഹായം അനുവദിക്കുക എന്നീ ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്.<br>ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (JNTBGRI) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചു വരികയാണ്. കേന്ദ്ര സർക്കാറിന്റെ 'സ്വദേശ് ദർശൻ' സ്കീമിന് കീഴിൽ ശബരിമല ഉൾപ്പെടെയുള്ള പ്രധാന തീർത്ഥാടനകേന്ദ്രങ്ങളെ 'സ്പിരിച്വൽ സർക്യൂട്ടിൽ' ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതി അനുബന്ധമായ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇനിയും പരിഗണിക്കപ്പെടാനുള്ള സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റു സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിയേയും കേന്ദ്രധനകാര്യ മന്ത്രിയേയും മറ്റു കേന്ദ്ര മന്ത്രിമാരെയും നേരിൽ കണ്ടും കത്തിലൂടെയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. ബന്ധപ്പെട്ട വകുപ്പുകൾ മുഖേനയും പ്രസ്തുത ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ